# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2330 — 18.12.2012-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. എ.കെ.ബാലൻ

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## ശമ്പളം, പെൻഷൻ, പലിശയിനങ്ങളിലെ ചെലവ്

| | | |
|---|---|---|
| (എ) | 2012 നവംബർ 30ന് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയാണ്; ഇവരുടെ ശമ്പളയിനത്തിൽ മാത്രം 2012 നവംബർ മാസത്തിലെ ചെലവ് എത്രയായിരുന്നു; ഇത് സംസ്ഥാന വരുമാനത്തിൻെറ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | 2012 നവംബർ മാസത്തെ സർക്കാർ ജീവനക്കാരുടെ എണ്ണം, ശമ്പളം, പെൻഷൻകാരുടെ എണ്ണം, പെൻഷൻ എന്നീയിനങ്ങളിലെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. 2012 ഒക്ടോബർ മാസത്തിൽ ശമ്പളയിനത്തിൽ 1356.20 കോടി രൂപയും പെൻഷൻ ഇനത്തിൽ 698.11 കോടി രൂപയും ചെലവഴിച്ചിരുന്നു. ഇത് ആ മാസത്തിലെ റവന്യൂ വരുമാനത്തിൻെറ 58.37 ശതമാനമായിരുന്നു. |
| (ബി) | 2012 നവംബർ 30ന് സംസ്ഥാന പെൻഷൻകാരുടെ എണ്ണം എത്രയാണ്; ഇവരുടെ പെൻഷൻ ഇനത്തിൽ മാത്രം 2012 നവംബർ മാസത്തിലെ ചെലവ് എത്ര രൂപയാണ്; ഇത് സംസ്ഥാന വരുമാനത്തിൻെറ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | |
| (സി) | സംസ്ഥാനം ഒരു വർഷം പലിശയിനത്തിൽ എത്ര രൂപയാണ് ചെലവാക്കുന്നത്; ഇത് സംസ്ഥാന വരുമാനത്തിൻെറ എത്ര ശതമാനമാണ്? | 2011-12 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ പലിശയിനത്തിൽ 6293.60 കോടി രൂപ ചെലവഴിച്ചു. ഇത് സംസ്ഥാന വരുമാനത്തിൻെറ 16.56 ശതമാനമാണ്. |

സെക്ഷൻ ഓഫീസർ